PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

FOURTH SESSION 1951

Thursday, *the 20th September 1951*

VOL. IV — **OFFICIAL REPORT** — **NO. 4**

The Assembly met in the Legislative Chamber, Trivandrum, at Eleven of the Clock on Thursday, the 20th September 1951 with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the serial numbers in the list of admitted questions for the day.)

ORAL ANSWERS

ലാൻഡ് ടാക്സ് എൻക്വയറി റിപ്പോർട്ട്

* ൧൯ (൧) ശ്രീ. പി. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) ലാൻഡ് ടാക്സ് എൻക്വയറിക്കമ്മറ്റി എപ്പോൾ ഗവർമ്മെൻറിലേക്ക് റിപ്പോർട്ടു സമർപ്പിച്ചു;

(ബി) ആ റിപ്പോർട്ടിന്മേൽ ഇതേവരെ എന്തു നടപടി നടത്തി?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എൽ. എം. പൈലി)

(എ) ൨—൧—൧൯൫൦.

(ബി) റിപ്പോർട്ട് ഗവർമ്മെൻറിൻെറ പരിഗണനയിൽ ഇരിക്കുന്നു.

ശ്രീ. പി. നാണു: റിപ്പോർട്ടിൽ അടങ്ങിയിട്ടുള്ള സംഗതി വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണെന്ന് ഗവർമ്മെൻറിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നുതന്നെയാണു.

ശ്രീ. പി. നാണു: അങ്ങനെയിരിക്കെ ഇക്കാര്യത്തിൽ ഇത്ര കാലതാമസം വരുവാൻ കാരണമെന്താണ്?

ശ്രീ. എൽ. എം. പൈലി: കാലതാമസം ഒന്നുമില്ല. വേണ്ട നടപടി എടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. നാണു: എന്തെല്ലാം നടപടികളാണ് നടത്തിയിട്ടുള്ളതു്?

ശ്രീ. എൽ. എം. പൈലി: ഒരു റിപ്പോർട്ട് സമർപ്പിച്ചാൽ അതിനെപ്പററി പല നടപടികളും എടുക്കുവാനുണ്ട്. ആ നടപടികൾ ഒന്നൊന്നായി തുടരെത്തുടരെ നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. പി. നാണു: രണ്ടുകൊല്ലംകൊണ്ട് എത്രമാത്രം പുരോഗമിച്ചു കഴിഞ്ഞിട്ടുണ്ട്?

ശ്രീ. എൽ. എം. പൈലി: വളരെ പുരോഗമിച്ചു കഴിഞ്ഞിട്ടുണ്ട്.

ശ്രീ. പി. നാണു: റിപ്പോർട്ടിന്റെ ഇന്നത്തെ നിലയെന്താണു്?

ശ്രീ. എൽ. എം. പൈലി: അതു് പല നടപടികളും കഴിഞ്ഞു പോയിട്ടുണ്ടു്.

ശ്രീ. പി. നാണു: ഒരു ബിൽ അവതരിപ്പിക്കുവാനുള്ള നിലയിൽ അതു എത്തി കഴിഞ്ഞിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: അതിന്റെ സമീപത്തിൽ എത്തിയിട്ടുണ്ടു്.

ശ്രീ. പി. നാണു: ഈ അസംബ്ലിയിൽ അതു് അവതരിപ്പിക്കാൻ ഒക്കുമോ?

ശ്രീ. എൽ. എം. പൈലി: ഈ സെഷനിൽ ഒക്കുകയില്ല.

ശ്രീ. പി. നാണു: ഈ അസംബ്ലിയുടെ ജീവിതത്തിൽ സാധിക്കുമോ?

ശ്രീ. എൽ. എം. പൈലി: അതു പറയുവാൻ സാധിക്കുകയില്ല.

ശ്രീ. പി. നാണു. ബഹുമാനപ്പെട്ട മന്ത്രിയുടെ മുൻഗാമി അങ്ങിനെ പറഞ്ഞിട്ടുള്ളതായി അറിയാമോ?

ശ്രീ. എൽ. എം. പൈലി: എന്റെ മുൻഗാമി എന്താണു് പറഞ്ഞിട്ടുള്ളതെന്നു എനിക്കിപ്പോൾ നിശ്ചയമില്ല.

പുതുവൽ പതിവു്

*വ്വ൦. (ഫ) ശ്രീ. പി. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട റവന്യൂവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) കിളിമാന്നൂർ ഇടവകയിലെ പുതുവൽ പതിവു സംഗതിയിൽ ക്രമക്കേടുകൾ ഉണ്ടെന്നും മററും കാണിച്ചു് ഇടവക കുടിയാന്മാർ ഗവർമ്മെൻറിനു മെമ്മോറിയൽ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ആ മെമ്മോറിയലിന്റെ അസ്സൽ ഇപ്പോൾ ഏതു് ഉദ്യോഗസ്ഥന്റെ അല്ലെങ്കിൽ ഏതു് ആഫീസിന്റെ അധീനതയിൽ ഇരിക്കുന്നു;

(സി) അതിന്റെ ഇതേവരെയുള്ള നടപടി തീയതിക്രമത്തിനു പറയാൻ ദയവുണ്ടാകുമോ?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) ഒന്നിൽ കൂടുതൽ മെമ്മോറിയലുകൾ ലഭിച്ചിട്ടുണ്ടു്. അതിൽ ഒന്നിന്റെ അസ്സൽ നഷ്ടമായിപ്പോയി. മറേറതു് കൈവശമുണ്ടു്.

(ബി) കോപ്പിയെടുത്തു് നടപടിയെടുത്തുവരുന്നു. കാൺഫിഡൻഷ്യൽ എൻക്വയറിക്കു് അയച്ചിട്ടുണ്ടു്. കൺവീനർ വി. എസ്സ്. പോററിക്കാണു് അയച്ചിട്ടുള്ളതു്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: സർ, ഒരു പോയിൻറു് ഓഫ് ആർഡർ; ഒരു ഫയൽ ഇന്ന ഉദ്യോഗസ്ഥന്റെ കയ്യിലുണ്ടോയെന്നു ചോദിക്കുന്നതു് ശരിയാണോ?

Sri. P. Nanoo: Before deciding that point of order, I want to make it clear that the information asked is only with regard to a memorial and not in regard to any file. That is not in respect of any file, but only in respect of the original of a memorial.

Mr. Speaker: With regard to the point of order raised by the hon. Member, I have to state that information regarding the stage at which a particular matter is pending may be asked for, and not with whom a file is pending.

ശ്രീ. പി. നാണു: നശിച്ചുപോയി എന്നു പറഞ്ഞതു് എവിടെവെച്ചാണു്?

ശ്രീ. എൽ. എം. പൈലി: റൂളിംഗിന്റെ വെളിച്ചത്തിൽ എവിടെ വെച്ചാണെന്നു് പറയുവാൻ നിവൃത്തിയില്ല.

ശ്രീ. പി. നാണു: ഇങ്ങനെ നശിച്ചുപോയതിനു കാരണക്കാരനായ ഉദ്യോഗസ്ഥൻ ആരാണെന്നു പറയാമോ?

ശ്രീ. എൽ. എം. പൈലി: റൂളിംഗിന്റെ വെളിച്ചത്തിൽ അതും സാധിക്കുകയില്ല.

ശ്രീ. പി. നാണു: ഗവണ്മെന്റിന്റെ കൈവശമുള്ള ഫയൽ നശിച്ചുപോയാൽ അതിനു ഉത്തരവാദിത്വമില്ലേ?

ശ്രീ. എൽ. എം. പൈലി: ഉണ്ടു്. വേണ്ട നടപടി എടുത്തുവരുന്നുണ്ടു്.

ശ്രീ. പി. നാണു: അതു് കണ്ടുപിടിച്ചുകഴിഞ്ഞിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: അതു് പറയുവാൻ നിവൃത്തിയില്ല.

കൊല്ലം എ. ഡി. കാട്ടൺ മില്ലിലെ തുണികൾ

*൮൧. (൩) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൧൯൫൦ സെപ്റ്റംബർ മുതൽ എ. ഡി. കാട്ടൺ മില്ലിലെ തുണിത്തരങ്ങൾ എല്ലാംതന്നെ വിദേശങ്ങളിലേക്കു് കയററുമതി ചെയ്തുവരുന്നുണ്ടോ;

(ബി) ഇവ ഈ രാജ്യത്തു് വില്പനചെയ്യാതെ കയററുമതി ചെയ്തുവരുന്നതു് എന്തുകൊണ്ടാണു്?

ധനകാര്യവും, ഭക്ഷ്യവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. കോര):

(എ) ഇല്ല. ൧൯൫൦ സെപ്റ്റംബർ മുതൽ ൧൯൫൧ ജനുവരിവരെ അവിടത്തെ തുണിയിൽ ൪ ബെയിൽ കഴിച്ചു ബാക്കിയുള്ളവ എല്ലാംതന്നെ വിദേശങ്ങളിലേക്കു അയച്ചുവന്നു. ൧൯൫൧ ഫെബ്രുവരിമുതൽ ഉണ്ടാക്കുന്ന എല്ലാംതന്നെ വെളിയിൽ അയക്കാതെ ഇവിടെത്തന്നെ വിതരണം ചെയ്തുവരുന്നുണ്ടു്.

(ബി) ഈ കാലങ്ങളിൽ കേന്ദ്രഗവണ്മെന്റു് നിർദ്ദേശിച്ചതുകൊണ്ടു് അവർ വെളിയിലേക്കു് അയച്ചതാണു്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഓരോ മാസവും അവിടത്തെ സ്റ്റോക്കു് തിട്ടപ്പെടുത്തുന്നുണ്ടോ?

ശ്രീ. കെ. എം. കോര: അങ്ങനെ ചെയ്യാമെന്നു റൂളുണ്ടു്. എന്നാൽ സംശയം തോന്നുന്ന അവസരത്തിൽ മാത്രമെ അങ്ങനെ തിട്ടപ്പെടുത്തുന്നുള്ളു.

ശ്രീ. പി. കെ. കുമാരൻ ആചാരി: സ്റ്റോക്കു് തിട്ടപ്പെടുത്തിയതിനുശേഷം വിതരണത്തിനു് എന്തു ഏർപ്പാടാണു് ചെയ്യുന്നതു്?

ശ്രീ. കെ. എം. കോര: അതിനു് പ്രത്യേകിച്ചു് നിബന്ധന ഒന്നുമില്ല.

ശ്രീ. പി. കെ. കുമാരൻ ആചാരി: സ്റ്റോക്കു് തിട്ടപ്പെടുത്താതെ എങ്ങനെ വിതരണം ചെയ്യും?

ശ്രീ. കെ. എം. കോര: ൧൯൫൦-ൽ സ്റ്റോക്കു് ധാരാളം ചെയ്തിരുന്നതുകൊണ്ടു് അവരുടെ ഒരു നിവേദനം സെൻട്രൽ ഗവണ്മെന്റിലേക്കു് ലഭിക്കുകയും

അവർ അവയെ വെളിയിലേക്ക് അയക്കുവാൻ പെർമിററ് കൊടുക്കുകയും ചെയ്തു.

ശ്രീ. പി. കെ. കുമാരൻ ആചാരി: ഈ സാമാനങ്ങൾ ലേലം ചെയ്തിട്ടാണോ അയച്ചിരുന്നത്?

ശ്രീ. കെ. എം. കോര: അല്ല.

ശ്രീ. പി. കെ. കുമാരൻആചാരി: ഇതിൻെറ മേൽ സെൻട്രൽ ഗവമ്മെൻറിനാണോ ഈ ഗവമ്മെൻറിനാണോ നിയന്ത്രണം?

ശ്രീ. കെ. എം. കോര: സെൻട്രൽ ഗവമ്മെൻറിനു ആയിരുന്നു. ഇപ്പോൾ ഈ ഗവമ്മെൻറിനാണ്.

ശ്രീ. പി. കെ. കുമാരൻആചാരി: അവിടെ ഈസാമാനങ്ങൾ കുന്നുകൂടി കിടന്നിരുന്നതുകൊണ്ട് നമുക്കെന്താണ് പ്രയോജനം?

ശ്രീ. കെ. എം. കോര: കുന്നുകൂടിയിരുന്നതുകൊണ്ട് അവക്ക് അതു വിലൂണമെന്നും ആ സാധനങ്ങൾ ഇവിടെ ആവശ്യമില്ലാതിരുന്നതുകൊണ്ട് വെളിയിലേക്കു അയക്കുവാൻ അനുവദിക്കണമെന്നും അപേക്ഷിച്ചിട്ടുണ്ടായിരുന്നു. അതനുസരിച്ചു ഇൻഡ്യാ ഗവമ്മെൻറ് അനുവദിച്ചു.

ശ്രീ. വി. ഗംഗാധരൻനായർ: ഇപ്പോൾ അവർ അനുവാദം ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: നോട്ടീസ് വേണം.

ശ്രീ. വി. ഗംഗാധരൻനായർ: ഈ സാധനങ്ങൾ വെളിയിലേക്കു അയച്ചു കൊടുക്കുവാൻ സാധിക്കാത്തതുകൊണ്ട് അവർ മിൽ പൂട്ടുവാൻ വിചാരിക്കുന്നതായി അറിയാമോ?

ശ്രീ. കെ. എം. കോര: അറിഞ്ഞുകൂടാ.

ശ്രീ. എ. പി. ഉദയഭാനു: ഇതൊക്കെ സെൻട്രൽ ഗവമ്മെൻറിൻെറ കയ്യിൽ അല്ലേ?

ശ്രീ. കെ. എം. കോര: അതേ.

ശ്രീ. എ. പി. ഉദയഭാനു: ഈ ഗവമ്മെൻറിനു ഇതിൽ നിയന്ത്രണം ഉണ്ടോ?

ശ്രീ. കെ. എം. കോര: ഇല്ല.

ഭക്ഷ്യോല്പാദന ബോർഡ്

* വ്യ. (൪) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൧൯൫൦ വരെ മാത്രം കാലാവധിയുണ്ടായിരുന്ന ഭക്ഷ്യോല്പാദനബോർഡിനു് അനിശ്ചിതകാലത്തേയ്ക്കു് കാലാവധി നീട്ടി കൊടുത്തിട്ടുണ്ടോ;

(ബി) ഭക്ഷ്യോല്പാദനബോർഡിൻെറ പ്രവൎത്തനംമൂലം ഭക്ഷ്യോല്പാദനത്തിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാം?

ധനകാൎയ്യവും ഭക്ഷ്യവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര): (എ) ഇല്ല.

(ബി) താഴെ പറയുന്ന ഗവമ്മെൻറ് പ്രസിദ്ധീകരണങ്ങൾക്കു് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

(൧) ഭക്ഷ്യവൎദ്ധനപരിപാടികളും പദ്ധതികളും.

(ഡി) സംയോജനവും ഒന്നാംവർഷവും.
(ഇ) സംയോജനം രണ്ടാംവർഷം.
(എഫ്) ഫ്രൻഡ് ഓ ട്രാവൻകൂർ കൊച്ചിൻ ന്യൂസ്.

ശ്രീ. പി. കെ. കുമാരൻആചാരി: ഇപ്പോഴും ഈ ബോർഡ് പ്രവർത്തിക്കുന്നുണ്ടോ?

ശ്രീ. കെ. എം. കോര: ഉണ്ട്.

ശ്രീ. പി. കെ. കുമാരൻആചാരി: അത് ആരുടെ നിയന്ത്രണത്തിലാണ്?

ശ്രീ. കെ. എം. കോര: ഗവൺമെന്റിന്റെ നിയന്ത്രണത്തിൽ.

ശ്രീ. എ. കെ. പാച്ചുപിള്ള: പ്രവർത്തനംകൊണ്ട് എത്ര ശതമാനം വർദ്ധിച്ചിട്ടുണ്ടെന്നു പറയാമോ?

ശ്രീ. കെ. എം. കോര: വർദ്ധിച്ചിട്ടുണ്ട്. എത്ര ശതമാനമാണെന്നു പറയുവാൻ സാധിക്കുകയില്ല.

ശ്രീ. പി. കെ. കുമാരൻആചാരി: ബോർഡിന്റെ ചെയർമാൻ ആരാണ്?

ശ്രീ. കെ. എം. കോര: ഫുഡ് മിനിസ്റ്റർ.

സെക്കണ്ടറി വിദ്യാഭ്യാസം

*വ്യന. (൩) ശ്രീ. പി. കെ. കുമാരൻആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ബഹുമാനപ്പെട്ട ശ്രീ. ടി. കെ. നാരായണപിള്ള വിദ്യാഭ്യാസവകുപ്പുമന്ത്രിയായതിനുശേഷം സെക്കണ്ടറി വിദ്യാഭ്യാസപദ്ധതിയിൽ വരുത്തിയിട്ടുള്ള മാററങ്ങൾ എവ?

(ബി) ഈ വിധ മാററങ്ങൾ വരുത്തുന്നതിനുണ്ടായ കാരണങ്ങൾ എന്തെല്ലാം?

വിദ്യാഭ്യാസവും റവന്യൂവും വകുപ്പുമന്ത്രി
(ശ്രീ. എൽ. എം. പൈലി): (എ) മാററം വരുത്തിയിട്ടില്ല.
(ബി) ഉദിക്കുന്നില്ല.

ശ്രീ. പി. കെ. കുമാരൻആചാരി: ഒരു സ്ഥലത്തുനിന്നും മറെറാരു സ്ഥലത്തേക്കു മാററിയതുകൊണ്ട് ഉള്ള മാററം പരിഗണിക്കാതെ ശമ്പളം കൊടുക്കാതിരിക്കുന്നതു് ന്യായമാണോ?

ശ്രീ. എൽ. എം. പൈലി: അതൊരഭിപ്രായം മാത്രമാണ്.

ശ്രീ. പി. കെ. കുമാരൻആചാരി: അങ്ങനെ മാററപ്പെടുന്ന അദ്ധ്യാപകന്മാരുടെ പകുതി സർവ്വീസുമാത്രമെ വകവെക്കുന്നുള്ളു എന്നറിയാമോ?

ശ്രീ. എൽ. എം. പൈലി: സെക്കണ്ടറി വിദ്യാഭ്യാസപദ്ധതിയിൽ മാററം വരുത്തിയിട്ടുണ്ടോ എന്നാണ് ചോദ്യം. അതിനാൽ ഇതു് ഉദിക്കുന്നില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: മാററം വരുത്തുവാൻ ഉദ്ദേശിച്ചിട്ടില്ല എന്നു ചീഫ് മിനിസ്റ്ററും മററ മന്ത്രിമാരും പറഞ്ഞിട്ടുള്ളതായി അറിയാമോ?

ശ്രീ. എൽ. എം. പൈലി: അതെനിക്കു പറയുവാൻ നിവൃത്തിയില്ല.

Sri. P. Balakrishnan Tampi: Sir, is there anything immutable or unchangeable in the educational field, i.e., which cannot be changed for all time?

Mr. Speaker: That does not arise.

ട്രാൻസ്പോർട്ട ഡിപ്പാർട്ട്മെൻറ്

*൫൪. (൩) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

സ്റ്റേററ് ട്രാൻസ്പോർട്ട ഡിപ്പാർട്ടുമെൻറിൽ സാർജൻറ് എന്നൊരു ഉദ്യോഗസ്ഥൻ ഉണ്ടോ; ഉണ്ടെങ്കിൽ—

(൧) ഇപ്പോഴത്തെ സാർജൻറ് ആര്;

(൨) അദ്ദേഹത്തെ എന്ന നിയമിച്ചു;

(൩) അദ്ദേഹത്തിൻെറ ശമ്പളം എന്ത്;

(൪) അദ്ദേഹത്തിൻെറ പരീക്ഷായോഗ്യതകളും വിശേഷാൽ യോഗ്യതകളും എന്തെല്ലാം;

(൫) അദ്ദേഹത്തിൻെറ ജോലികൾ എന്തെല്ലാം; എവിടെ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): ഉണ്ട്.

(൧) ശ്രീ. ജി. ഗോപാലപിള്ള.

(൨) ൧—൩—൨൪-ൽ.

(൩) പ്രതിമാസം ൫൦ രൂപാ ശമ്പളം.

(൪) അദ്ദേഹത്തിന് പ്രത്യേക പരീക്ഷായോഗ്യതകളൊന്നുമില്ല. ഐ. എൻ. ഒ. യിൽ മെക്കാനിക്കൽ ട്രാൻസ്പോർട്ട് സ്ഥാപനത്തിലും സിംഗപ്പൂരിൽ വേറൊരു ട്രാൻസ്പോർട്ട സ്ഥാപനത്തിലും ജോലി ചെയ്തിരുന്നു.

(൫) തിരുവനന്തപുരം മുതലായ സ്ഥലങ്ങളിലുള്ള ട്രാൻസ്പോർട്ട് ഗ്യാരേജ് സൂക്ഷിക്കുന്നതിനും മററും സാർജൻറായി നിയമിച്ചിരിക്കുകയാണ്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി. പ്രത്യേകം പരീക്ഷായോഗ്യതകൾ ഇല്ലാത്ത ഒരാളെ അവിടെ ജോലിചെയ്തുവരുന്ന ആളുകൾക്ക് മുകളിൽ നിയമിക്കുന്നത് അവരുടെ സീനിയാറിററിയെ അവഗണിക്കുകയായിരിക്കുകയില്ലേ?

ശ്രീ. സി. കേശവൻ: ഇല്ല.

Sri. P. Balakrishnan Tampi: Sir, when even literacy is not prescribed as a qualification for the membership of the Legislature, should any educational qualification be prescribed for the place of Sergeantship in the Transport Department?

Mr. Speaker: That question is disallowed.

Sri. A. Chidambaranatha Nadar: Was this sergeant working as a clerk under Sri. T. M. Varghese when he was practising as a lawyer at Quilon?

Sri. C. Kesavan: I do not know.

Sri. P. S. Nataraja Pillai: May I know the age at which he was recruited to the service?

Sri. C. Kesavan: I want notice.

നൈററ സർവ്വീസ്

*൫൫. (൧) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ?

സ്റ്റേററ് ട്രാൻസ്പോർട്ട് സർവ്വീസുള്ള ഏതെല്ലാം ലൈനുകളിൽ പ്രൈവററ കമ്പനികൾ നൈററ സർവ്വീസ് നടത്തുന്നു എന്നു പറയുമോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

തിരുവനന്തപുരം നഗരത്തിലെ റോഡുകളിൽ.

ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി: മററുള്ള സ്ഥലങ്ങളിൽ ആരെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ആവശ്യപ്പെട്ടിട്ടില്ല. ആവശ്യപ്പെട്ടാൽ അതും കൺസിഡർ ചെയ്യുന്നതാണ്.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: നൈററ് സർവ്വീസ് എന്നു പറയുന്നത് സിനിമാസർവ്വീസാണോ?

ശ്രീ. സി. കേശവൻ: അതെ.

ശ്രീ. കെ. ആർ. ഇലങ്കത്ത്: ഡിപ്പാർട്ടുമെൻറിൽ ബസ്സുകൾ ഓടുന്നിടത്തു പ്രൈവററ് ബസ്സുകൾ ഓടുന്നതിനനുവദിക്കാറുണ്ടോ?

ശ്രീ. സി. കേശവൻ: ഡിപ്പാർട്ടുമെൻറൽ സർവ്വീസ് രാത്രി ഒമ്പതരമണിയോടുകൂടി തീരും. ഈ സിനിമാസർവ്വീസ്സ് തുടങ്ങുന്നത് അതിനു ശേഷമാണ്. അതിനനുവദിച്ചിട്ടുണ്ട്.

Sri. P. Balakrishnan Tampi: Is not the statement that the lines were specially granted to favour some an insinuation?

Mr. Speaker: That does not arise.

Sri. K. Sivarama Pillai: Has the Government any idea of extending this to other centres also?

Sri. C. Kesavan: When there is such a necessity it will be considered.

ശ്രീ. കെ. രാമചന്ദ്രൻ: ഈ സർവ്വീസ് ഇപ്പോൾ നിറുത്തിവെച്ചിരിക്കുകയാണെന്നറിയാമോ?

ശ്രീ. സി. കേശവൻ: അറിഞ്ഞുകൂടാ.

സ്റ്റേററ് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിൽ ആകെ വാങ്ങിയിട്ടുള്ള വണ്ടികൾ

*൧൬൩. (൧) ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(൧) സ്റ്റേററ് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിലേക്ക് ആകെ വാങ്ങിയിട്ടുള്ള വണ്ടികൾ എത്ര;

(൨) ഇപ്പോൾ എത്ര വണ്ടികൾ സർവ്വീസ് നടത്തുന്നുണ്ടെന്നു പറയുമോ;

(൩) എത്ര വണ്ടികൾ ഉപയോഗശൂന്യങ്ങളായി കിടപ്പുണ്ടെന്നു പറയുമോ;

(൪) എത്ര വണ്ടികൾ വിററിട്ടുണ്ടെന്നു പറയുമോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(൧) ൧൨൩ വാഹനങ്ങൾ. അതായത് ൩൪൭ ബസ്സുകളും ൧൮ ലോറികളും.

(൨) ൨൭ വണ്ടികൾ സർവ്വീസ് നടത്തുന്നുണ്ട്.

(൩) ൧൭൩ വാഹനങ്ങൾ ഉപയോഗശൂന്യമായി കിടക്കുന്നുണ്ട്.

(൪) ൪൭ വണ്ടികൾ വിററിട്ടുണ്ട്.

Sri. N. Daniel Jose: May I know the different makes of buses which have been ordered by the State?

ശ്രീ. സി. കേശവൻ: ഇതു് പത്തു പന്ത്രണ്ടു കൊല്ലങ്ങൾക്കു മുമ്പ് വാങ്ങിച്ചിട്ടുള്ളതാണു്. ഇവയുടെ Make എന്താണെന്നു പറയുവാൻ നിവൃത്തിയില്ല.

Sri. N. Daniel Jose: May I know whether the Government have ordered for "International" make buses?

Sri. C. Kesavan: No.

ശ്രീ. കെ. രാമചന്ദ്രൻ: ഡീസൽ എൻജിൻ എത്രയുണ്ടു്?

Sri. C. Kesavan: I claim notice. There are diesel engines.

ശ്രീ. ഇട്ട്യേര അമ്പൂക്കൻ: ഈ ഫ്വ ഫ ലോറികൾ എന്താവശ്യത്തിനുപയോഗിക്കുന്നു?

ശ്രീ. സി. കേശവൻ: ഇവിടെ ഫ്ലഡ്സ് ട്രാഫിക്കുമുണ്ടു്. ആ ആവശ്യത്തിനാണുപയോഗിക്കുന്നതു്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഉപയോഗശൂന്യമായിപ്പോയതിനെ സംബന്ധിച്ചു് അന്വേഷണം നടത്തിയിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഈ ബസ്സുകൾ എല്ലാക്കാലവും ജീവിക്കുന്നതല്ല. ചിലപ്പോൾ കേടുപററി എന്നൊക്കെ വന്നേക്കാവുന്നതാണു്.

സാഹിബു് ബഹദൂർ കെ. എ. മഹമ്മദ്: ഉപയോഗശൂന്യമായ ബസ്സുകൾ എങ്ങിനെ ഡിസ്പോസ് ചെയ്യുന്നു?

ശ്രീ. സി. കേശവൻ: പലവിധത്തിൽ. അതായതു് ആ ബസ്സുകളിൽ ഉപയോഗിക്കാവുന്നതായ പാർട്ടുകൾ ഉണ്ടെങ്കിൽ അതെടുത്തു് മററുബസ്സുകളിൽ ഇടുക, ലേലത്തിൽ ഇടുക, സ്ക്രാപ്പുകളായി വില്ക്കുക ഇങ്ങനെ പലവിധത്തിൽ ഡിസ്പോസ് ചെയ്യുന്നുണ്ടു്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇതിനു് ഒരു നിശ്ചിത പ്ലാനുണ്ടോ?

ശ്രീ. സി. കേശവൻ: ഇതു് ഡിസ്പോസ് ചെയ്യുന്നതിനു പ്ലാനൊന്നുമില്ല.

ശ്രീ. പാൾ തളിയത്തു്: ബസ്സു് വാങ്ങിയതിനുശേഷം ഇതുവരെയും ഉപയോഗിക്കാതെ ഇരുന്നിട്ടുള്ള ബസ്സുകൾ ഉള്ളതായിട്ടറിയാമോ?

ശ്രീ. സി. കേശവൻ: അങ്ങനെ ഉള്ളതായി തോന്നുന്നില്ല.

ശ്രീ. പാൾ തളിയത്തു്: ബസ്സു് വാങ്ങിച്ചു് ആലുവായിൽ കൊണ്ടുവന്നിട്ടു് ഇതുവരെയും അതു് ഓടിച്ചിട്ടില്ല എന്നുള്ള വസ്തുത അറിയാമോ?

ശ്രീ. സി. കേശവൻ: അറിവില്ല.

ശ്രീ. സി. വി. ഇസ്സു: ഇൻഡ്യാ ഗവമ്മെൻറു് ബസ്സു് വാങ്ങിച്ചുകൊണ്ടിരുന്ന നയം മാറി ഈ ഗവമ്മെൻറു് ഡയറക്ടായി വാങ്ങിച്ചു തുടങ്ങിയിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഇല്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഇതിൽ കമ്മീഷനുണ്ടോ?

ശ്രീ. സി. കേശവൻ: ഗവമ്മെൻറിനു കമ്മീഷനുണ്ടു്.

ശ്രീ. എ. കെ. പാച്ചുപിള്ള: വിററ ബസ്സുകൾ പരസ്യമായി ലേലം ചെയ്തിട്ടാണോ വിററതു്?

ശ്രീ. സി. കേശവൻ: ലേലം ചെയ്യാതെയും വിററിട്ടുണ്ടു്.

ശ്രീ. എ. കെ. പാച്ചുപിള്ള: അതിനു കാരണമെന്താണു്?

ശ്രീ. സി. കേശവൻ: അതാണു് കൂടുതൽ ആദായകരമെന്നു കണ്ടിട്ടു്.

Sri. A. P. Udayabhanu: Can you give the average life of a Transport bus?

Sri. C. Kesavan: If you will give me time, I shall discuss it with experts and ascertain it.

Sri. R. K. Ram: May I know the exact amount of the commission?

Sri. C. Kesavan: I claim notice.

എടത്വാ തകഴി റോഡ്

*൮൧. (൧൦) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ,—

(എ) എടത്വാ-തകഴി റോഡിന് ഈ വർഷത്തേയ്ക്ക് എത്ര രൂപാ അനുവദിച്ചിട്ടുണ്ട്;

(ബി) ഈ കൊല്ലം പ്രസ്തുത റോഡു പണി നടന്നിട്ടുണ്ടോ;

(സി) ഈ റോഡുപണിക്ക് ആകെയുള്ള എസ്റ്റിമേററ് തുക എത്രയാണ്;

(ഡി) എത്ര കാലം കൊണ്ട് പണി പൂർത്തിയാകുമെന്നാണ് ഗവമെന്റ് ആലോചിക്കുന്നത്?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള):

(എ) ൪൯,൦൦൦ രൂപാ.

(ബി) നടന്നിട്ടില്ല.

(സി) ൩,൮൯,൦൦൦ രൂപാ.

(ഡി) നിശ്ചിത കാലാവധി വ്യവസ്ഥപ്പെടുത്തിയിട്ടില്ല. കഴിയുന്നതും വേഗത്തിൽ പണി പൂർത്തിയാക്കും.

ശ്രീ. കെ. രാമകൃഷ്ണപിള്ള: ഇക്കൊല്ലം പണി നടത്താമോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഏർത്തുവർക്ക് നടന്നുകൊണ്ടിരിക്കുകയാണ്. അതിനു വേണ്ട ഡ്റെഡ്ജർ വന്നിട്ടില്ല. അതു പൂർത്തിയായിട്ട് ഈ ജോലി തുടങ്ങുന്നതാണ്.

അമ്പലപ്പുഴ ആശുപത്രി

*൮൮ (൧൧) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) അമ്പലപ്പുഴ ആശുപത്രി വാടക കെട്ടിടത്തിൽനിന്നും എന്നാണ് മാററിയത്;

(ബി) മാററിയിട്ടിരിക്കുന്നത് ഏതു കെട്ടിടത്തിലാണ്;

(സി) അമ്പലപ്പുഴ ആശുപത്രിക്കായി പ്രത്യേകം ഒരു കെട്ടിടം ഗവമെൻറിൽ നിന്നു പണിയിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത കെട്ടിടത്തിനു എത്ര രൂപ ചെലവായി;

(ഇ) പ്രസ്തുത കെട്ടിടം ഒരു റെസ്റ്റ് ഹൗസായി രൂപാന്തരപ്പെടുത്തുവാൻ ആലോചിക്കുന്നുണ്ടോ;

(എഫ്) ഇങ്ങനെ രൂപാന്തരപ്പെടുത്തുന്നതിന് എത്ര രൂപാ ചെലവാകും;

(ജി) പുതിയതായി കെട്ടിയ കെട്ടിടത്തിൽ ഒരു ഈവനിംഗ് ഡിസ്പെൻസറി ആരംഭിക്കണമെന്നു നിവേദനം ലഭിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) മാററിയിട്ടില്ല.

(ബി) ഉദ്ദേശിക്കുന്നില്ല.

(സി) ഉണ്ട്.

(ഡി) പണി മുഴുവൻ കഴിഞ്ഞിട്ടില്ല. ഇതേവരെ ൯,൫൫൫ രൂപാ ൫ അണ. ൨ പൈസ. ചെലവായിട്ടുണ്ട്. ഇതു് ഉദ്ദേശമാണ്.

ശ്രീ. കെ. രാമകൃഷ്ണപിള്ള: ഇതുവരെ പണി പൂർത്തിയാകാതിരിക്കുന്നതിനുള്ള കാരണമെന്താണ്?

Sri. C. Kesavan: The hon. Minister for Medicine himself examined the place and found that the Satrom is better fitted to serve the public as a hospital and therefore it has been converted into a hospital. The building that has been constructed for the purpose of housing the hospital may be used for the better convenience of the public as a Rest House.

WEST COAST FISHERIES LTD.

*89. (12) **Sri. Paul Thaliath:** Will the hon. Minister for Industries be pleased to state,—

(*a*) whether it is a fact that the Government have undertaken the managing agency of the West Coast Fisheries Ltd.;

(*b*) if so the terms of the agreement entered into between the Government and the company;

(*c*) whether the Government Auditor has conducted the audit of this company;

(*d*) if so whether any case of mismanagement or misappropriation has been reported by the Auditor; and

(*e*) the reasons that induced the Government to take up the management?

Minister for Industries and Labour **(Sri. P. K. Krishnankutty Menon):**

(*a*) Yes.

(*b*) The terms are the same as those entered into with the previous managing agency except that the period is fixed as twenty years.

(*c*) Yes.

(*d*) Certain irregularities were pointed out in the report.

(*e*) Because Government have substantial interests in the Company and also because the previous managing agency agreed to surrender the managing agency to Government.

ശ്രീ. പാറം തളിയത്തു്: ആരായിരുന്നു മുമ്പിലത്തെ മാനേജുമെൻറ്?

Sri. P. K. Krishnankutty Menon: Jacob Cheriyan and Co.

Sri. N. Daniel Jose: Is this the only company where the Government have taken up the managing agency?

Sri. P. K. Krishnankutty Menon: This is the only company.

ശ്രീ. പാറം തളിയത്തു്: എത്രകാലമായി ഇങ്ങനെ മാനേജുമെൻറ് തുടങ്ങിയിട്ട്?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ൫ കൊല്ലത്തോളമായി.

ശ്രീ. പാറം തളിയത്തു്: അതിനുശേഷം എത്ര രൂപാ ഈ കമ്പനിക്കു നഷ്ടം വന്നിട്ടുണ്ടെന്നറിയാമോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ഇതിൻെറ ഉത്തരം ഇന്നലെ പറയുകയുണ്ടായി. ഗവൺമെൻറിൽനിന്നു അടുത്ത കാലത്തുതന്നെ ഇതിനെക്കുറിച്ചു അന്വേഷണം നടത്തിയിട്ടുണ്ട്.

ശ്രീ. പാൾ തളിയത്തു്: ഇൻഡ്യാ ഗവണ്മെൻറിൻെറ ഏതെങ്കിലും ഉദ്യോഗസ്ഥൻ ഇതു് ഏറെറടുക്കണമെന്നു് നിർദ്ദേശം നൽകിയിട്ടുണ്ടോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ഇല്ല.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: ഇതിൽ ഡയറക്ടർമാർ ഉണ്ടോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ഉണ്ടു്

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: ഗവണ്മെൻറിൽനിന്നും നിയമിച്ച ഡയറക്ടർ ഇവരുടെ ബോർഡ് മീററിംഗ്കളിൽ പങ്കെടുക്കുകയും വിവരം റിപ്പോർട്ടു ചെയ്യുകയോ ചെയ്തിട്ടുണ്ടോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ഉണ്ടു്. അതിനുശേഷമാണു് വിവരങ്ങൾ മനസ്സിലായതു്.

ശ്രീ. പാൾ തളിയത്തു്: ഇതു് ലിക്വിഡേററ് ചെയ്തു ഗവണ്മെൻറിനു വരുവാനുള്ള പണം ഈടാക്കുന്നതല്ലേ ലാഭം?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: അല്ലെന്നാണു് ഗവണ്മെൻറിൻെറ അഭിപ്രായം.

ശ്രീ. പാൾ തളിയത്തു്: മാനേജ്മെൻറ ഏജൻസി ഗവണ്മെൻറു് നേരിട്ടു എടുത്താൽ കൂടുതൽ കാര്യക്ഷമമായി നടത്താൻ സാധിക്കുമെന്നു് ഗവണ്മെൻറിനെ ഉപദേശിച്ചതു് ആരാണു്?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ആരും ഉപദേശിച്ചില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: ഈ നഷ്ടത്തിനു ഉത്തരവാദിയായ ആളിൻെറ പേരിൽ കേസെടുക്കണമെന്നു വിചാരിക്കുന്നുണ്ടോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: നഷ്ടത്തിനു ആരെങ്കിലും ഉത്തരവാദിയാണെന്നു് ഗവണ്മെൻറിനു ബോദ്ധ്യപ്പെട്ടിട്ടില്ല.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: ഈ കമ്പനിയുടെ മേൽ ഗവണ്മെൻറിനു എന്തെങ്കിലും നിയന്ത്രണമുണ്ടോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ഇല്ലെന്നാണു് അറിയുന്നതു്.

Sri. N. Daniel Jose: May I know the reason?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ഇതിൻെറ പ്രവൎത്തനത്തിനു ആവശ്യമുള്ള മൂലധനം ഇല്ലെന്നുള്ള കാരണത്താൽ ഇതിൻെറ പ്രവൎത്തനം മന്ദീഭവിച്ചിരിക്കുകയാണു്.

ശ്രീ. സി. വി. ഇയ്യു: ഇതിനെക്കുറിച്ചു് ശ്രീ. വി. പി. മേനോനുമായി ആലോചിച്ചിട്ടുണ്ടോ?

Sri. A. P. Udayabhanu: Sir, on a point of order. Before the hon. Minister has finished his answers, is it in order for another hon. Member to intervene and put a question?

Mr. Speaker: No.

Sri. C. V. Iyyu: Sir, my question has not been answered.

Sri. P. K.Krishnankutty Menon: Sri. V. P. Menon was consulted.

Sri. P. S. Nataraja Pillai: May I know whether the foundation-stone for the factory of this company was laid by Sri. V. P. Menon?

Sri. P. K. Krishnankutty Menon: I don't remember.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഗവണ്മെൻറിൻെറ മൂലധനക്കുറവുകൊണ്ടാണോ പ്രവർത്തനം നടത്താതിരിക്കുന്നതു്?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടി മേനോൻ: വർക്കിംഗ് ക്യാപിററൽ പോരാത്തതുകൊണ്ടാണ്.

ശ്രീ. കെ. ആർ. ഇലങ്കത്ത്: ഇതിൽ വല്ല നഷ്ടവും ഉണ്ടായിട്ടുണ്ടെങ്കിൽ അതു പരിഹരിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: അതു് പ്രവർത്തനം ആരംഭിക്കുമ്പോൾ ഗവൺമെൻറിൻെറ ആലോചനാവിഷയം ആയിരുന്നതാണ്.

Sri. C. V. Iyyu: Is there not an allegation that the previous managing agency has squandered the money?

Sri. P. K. Krishnankutty Menon: That is the report of the auditor.

Sri. C. V. Iyyu: Will the Government investigate into the matter?

Sri. P. K. Krishnankutty Menon: Yes.

Sri. C. V. Iyyu: Will the Government realise the money that has been squandered?

Sri. P. K. Krishnankutty Menon: Certainly.

Sri. P. Balakrishnan Tampi: May I know from the hon' Minister for Fisheries whether it is not to the credit of the Company that they have not in any manner depleted the fish wealth of the deep seas? (*Laughter.*)

SUB-DIVISION PUBLIC WORKS COMMITTEE

***90.** [13] **Sri. Paul Thaliath:** Will the hon. Minister for Public Works be pleased to state.—

(*a*) whether the Alwaye Sub-Division Public Works Committee is still functioning;

(*b*) if the answer to (*a*) is in the affirmative the date on which the last meeting of the Committee was held; and

(*c*) whether there is any rule to the effect that at least once in two months a meeting should be held?

Minister for Public Works **(Sri. G. Chandrasekhara Pillai):**

(*a*) Yes.

(*b*) On 3rd September 1951.

(*c*) Yes.

S. P. W. R. FUND

***91.** [14] **Sri. Paul Thaliath:** Will the hon. Minister for Labour be pleased to state.—

(*a*) whether any amount has been lost from the S.P.W.R. Fund by misappropriation or mismanagement;

(*b*) if the answer to (*a*) is in the affirmative, the amount so lost;

(*c*) the names of the persons who are responsible for such a loss; and

(*d*) the nature of the action taken in the matter.

Minister for Industries and Labour **(Sri. P. K. Krishnankutty Menon):**

(*a*) The amounts advanced to several Co-operative Societies of Ex-Service men are outstanding for collection. It is not possible to say at present that these amounts have been lost.

(*b*) & (*c*) Do not arise.

(*d*) Action is being taken to revive the Co-operative Societies and recover the amounts. Disciplinary action is also being taken wherever necessary against persons responsible for mismanagement.

ശ്രീ. പാൾ തളിയത്ത്: ഏതു കോഓപ്പറേറീവ് സൊസൈററിയാണ് പണം അടക്കാതെയിരുന്നിട്ടുള്ളതു്?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: പല സൊസൈററികളും കടം എടുത്തിട്ടുള്ള സംഖ്യ മുറയ്ക്ക് കൊടുക്കുന്നില്ല. അതുകൊണ്ട് അവയുടെ പ്രവർത്തനം ശരിയായി നടന്നുവരുന്നില്ല.

ശ്രീ. പാപ്പാൾ തളിയത്തു്: കോട്ടയത്തു ഏതെങ്കിലും കോവാപ്പറേററീവു സൊസൈററി പണം അടയ്ക്കാതെയുണ്ടോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ചില സൊസൈററികൾ പണം അടയ്ക്കാതെയിരുന്നിട്ടുണ്ട്.

ശ്രീ. സി. വി. ഇയ്യു: കോവാപ്പറേററീവ് സെൻട്രൽ ബാങ്കിൽനിന്നും പണം കടം എടുത്തിട്ടുള്ള സൊസൈററികളിൽ എത്രയെണ്ണം തിരിയെ കൊടുത്തു തീർക്കാതെയുണ്ട്?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ. ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: എസ്. പി. ഡബ്ലിയു. ആർ. ഫണ്ടിൽനിന്നും ഇപ്പോൾ ലോൺ കൊടുക്കാറുണ്ടോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടി മേനോൻ: കൊടുക്കാറുണ്ട്.

ശ്രീ. കെ. രാമചന്ദ്രൻ: ഈ എസ്. പി. ഡബ്ലിയു. ആർ. ഫണ്ടിൽ ആകെ എന്തു തുകയുണ്ടെന്നു പറയാമോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടി മേനോൻ: ഉദ്ദേശം ൩൫ ലക്ഷം രൂപാ.

ശ്രീ. സി. വി. ഇയ്യു: എറണാകുളത്തു വല്ല കോവാപ്പറേററീവ് സൊസൈററിയും പണം അടച്ചുതീർക്കാനുണ്ടോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: അറിവില്ല.

Sri. K. Ramachandran: May I know, Sir, the balance amount of the S. P. W. R. Fund now remaining?

Sri. P. K. Krishnankutty Menon: It is nearly 35 lakhs.

Sri. K. Ramachandran: Are the Government aware that the S. P. W. R. Fund is a collective one and as such every ex-service personnel has got a right to derive benefit out of it?

Sri. P. K. Krishnankutty Menon: Yes, but not individually.

Sri. K. Ramachandran: Have the Government done anything so far for the general well-being of the ex-service men?

Sri. P. K. Krishnankutty Menon: Yes.

Sri. K. Ramachandran: How many ex-service men have so far been benefited?

Sri. P. K. Krishnankutty Menon: I claim notice.

Sri. K. Ramachandran: May I know whether there are any members who are ex-service men serving in the Committee?

Sri. P. K. Krishnankutty Menon: Yes.

Sri. K. Ramachandran: How many of them are in the Committee?

Sri. P. K. Krishnankutty Menon: I want notice.

ശ്രീ. എ. കെ. പാച്ചുപിള്ള: കോട്ടയത്തെ പരസ്പരസഹായസംഘത്തിൽ നിന്നും എത്ര ആയിരം രൂപാ അടയ്ക്കാനുണ്ട്?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ഏകദേശം ഒരു ലക്ഷം രൂപാ.

ശ്രീ. എ. കെ. പാച്ചുപിള്ള: ആ തുക ഈടാക്കുന്നതിലേക്ക് എന്തു നടപടി നടത്തിവരുന്നു?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടി മേനോൻ: അതിലേക്ക് നടപടി നടത്തിവരുന്നുണ്ട്. ഏകദേശം ൨൫,൦൦൦ രൂപാ ഇപ്പോൾ തന്നെ ഈടാക്കിക്കഴിഞ്ഞു.

ശ്രീ. എ. കെ. പാച്ചുപിള്ള: കോട്ടയത്തെ പരസ്പരസഹായസംഘത്തിൽ നിന്നും പണം ഈടാക്കുന്നതിനു മാർഗമില്ലെന്നു അവിടെനിന്നും വല്ല റിപ്പോർട്ടും കിട്ടിയിട്ടുണ്ടോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ഇല്ല.

Sri. A. K. George: Are the Government aware whether there are any ex-service men as hon. Members of this House?

Sri. P. K. Krishnankutty Menon: No.

MR. ACHUTHAN, D. S. P.,—EXTENSION OF SERVICE OF

***92 [15] Sri. D. Gnansigamoni:** Will the hon Chief Minister be pleased to state.—

(*a*) the reasons that weighed with Government for giving an extension of service to Mr. Achuthan, D.S.P., Trivandrum ; and

(*b*) was he one in the list of officers who had given incorrect age ?

Chief Minister **(Sri. C. Kesavan):**

(*a*) Extension of service has not been granted to Sri. M. Achuthan, D. S. P. He was re-employed in the exigencies of service.

(*b*) His age according to the service records did not tally with the age in the College Admission Register.

Sri. D. Gnanasigamoni: May I know what the hon. Minister mean by "exigencies of service" ?

Sri. C. Kesavan: The post necessitated an efficient man. He was found fit and he was re-entertained.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: അദ്ദേഹത്തിന്റെ യോഗ്യത ഒരു ജനകീയപ്രസ്ഥാനത്തെ അടിച്ചമർത്തുന്നതിലാണെന്നറിയാമോ?

Mr. Speaker: Order, order. That question is disallowed.

ELECTRIFICATION

***93. (16) Sri. M. Varki:** Will the hon. Minister for Public Works be pleased to state.—

(a) the centres in Kunnathunad taluk selected for rural electrification , and

(*b*) whether necessary estimates have been prepared and necessary sanction accorded for the extension of electric lines and if not why the delay ?

Minister for Public Works **(Sri. G. Chandrasekhara Pillai):**

(a) Vazhakulam, Keezhmedu, Piravam and Kalamassery.

(*b*) Estimates have been sanctioned in the case of Vazhakulam and Keezhmedu. The question of electrification of other centres will be taken up later on.

Sri. M. Varki: May I know who made this selection ?

Sri. G. Chandrasekhara Pillai: I think the Chief Minister, according to the recommendations of the Chief Engineer.

Sri. N. P. Varghese: May I know whether they consulted the Works Committee before making this selection ?

Sri. G. Chandrasekhara Pillai: I think so.

EXTENSION OF ELECTRIC LINES

*94. (17) **Sri. M. Varki:** Will the hon. Minister for Public Works be pleased to state.—

(*a*) whether under the rental basis consumer has to pay the rent in addition to the usual current charges; and

(*b*) whether it is the policy of the Department to extend elecric lines wherever the parties are prepared to give the minimum guarantee?

Minister for Public Works **(Sri. G. Chandrasekhara Pillai):**

(*a*) Yes. The rental and current charges are distinctly different items.

(*b*) Line extensions which are sufficiently remunerative either normally or on guarantee basis are taken up, subject to availability of funds and materials each year.

TIMBER FOR SCHOOLS

*95. (18) **Sri. M. Varki:** Will the hon. Minister for Education and Revenue be pleased to state.—

whether it is the policy of the Government to sanction necessary quantity of timber at seigniorage rate for the construction of school buildings?

Minister for Education and Revenue **(Sri. L. M. Pylee):**

Government have sanctioned a scheme explaining Government's policy on the matter. According to that scheme timber is being supplied for the construction of schools. Government are collecting only the necessary working charges.

കുടിപാർപ്പ്

*൯൬. (൧൯) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

കുടി പാർപ്പിനു സ്വന്തമായി സ്ഥലമില്ലാത്തവരുടെ വല്ല കണക്കും (എത്ര പേർ ഉണ്ടെന്നു്) ഗവണ്മെന്റിൽനിന്നും എടുത്തിട്ടുണ്ടോ? ഉണ്ടെങ്കിൽ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ തിരുവിതാംകൂർ വിഭാഗത്തിൽ അങ്ങിനെയുള്ള എത്ര ആളുകൾ ഉണ്ടു്?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) ഉണ്ടു്.

(ബി) തിരുവിതാംകൂർ വിഭാഗത്തിൽ ൩൭,൦൪൫ കുടുംബങ്ങൾ ഉണ്ടു്.

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: ചേർത്തലതാലൂക്കിൽ മാത്രം ൪൦,൦൦൦-ൽ ചില്വാനം ആളുകൾ ഉണ്ടെന്നല്ലേ റിപ്പോർട്ടു കിട്ടിയിരിക്കുന്നതു്?

ശ്രീ. എൽ. എം. പൈലി: ചേർത്തല താലൂക്കിനെസംബന്ധിച്ചുമാത്രം ഒരു കണക്ക ഇവിടെ കാണുന്നില്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: കുടിപാർപ്പിനു സ്വന്തമായി സ്ഥലമില്ലാത്ത ഏതെല്ലാം ആളുകളെ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നു പറയാമോ?

Sri. L. M. Pylee: The definition of homeless family is as follows.—

"One who has no house and is unable to provide one. One who has no land or site in his name. If a man for him or for his wife or a woman for her or for her husband has any land or any means to build a house it will not be considered."

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: പുറംപോക്ക സ്ഥലങ്ങളിൽ കൈയേറിയവരുടെ എണ്ണം എത്രയുണ്ടെന്നു പറയാമോ?

Sri. L. M. Pylee: That has nothing to do with this question.

പ്രാതിനിധ്യക്കുറവുള്ള സമുദായങ്ങൾ

*൯൧. (൨൦) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) പബ്ലിക്കു സർവീസിൽ ജനസംഖ്യക്കണക്കിനു പ്രാതിനിധ്യക്കുറവുള്ള സമുദായങ്ങൾ പട്ടികജാതിക്കാരൊഴിച്ചു് ഏതെല്ലാം;

(ബി) സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങളിലും കോളേജുകളിലും മേൽപ്രസ്താവിച്ച കണക്കിൻപ്രകാരം പ്രാതിനിധ്യക്കുറവുള്ള സമുദായങ്ങൾ ഏതെല്ലാം? (പട്ടികജാതിക്കാരൊഴിച്ചു്)

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

എ-യും, ബി-യും, പുതിയ ഭരണഘടനയനുസരിച്ചു സർക്കാർസർവ്വീസിലേക്കുള്ള നിയമനങ്ങളിലും വിദ്യാഭ്യാസസ്ഥാപനങ്ങളെസംബന്ധിച്ചുമുള്ള വ്യവസ്ഥകളിൽ ഒരു വർഗ്ഗക്കാർക്കും അവരുടെ സമുദായിക പ്രാതിനിധ്യം അനുവദിക്കുന്നില്ല. എന്നാൽ പട്ടികജാതിക്കാർക്കുംമററും സംവരണം വേണമെന്നുള്ളതുകൊണ്ടു് അതുസംബന്ധിച്ചു് പര്യാലോചന നടത്തുന്നതിനു് ഒരു പ്രത്യേക കമ്മിററിയെ ഗവമ്മെൻറിൽനിന്നും നിയമിച്ചിട്ടുണ്ടു്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ഈ പട്ടികജാതിക്കാരുടെ പേരു് അതിൽ കൊടുത്തിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഒരു ജാതിക്കാരുടേയും പേർ അതിൽ കൊടുത്തിട്ടില്ല.

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: ചോദ്യത്തിൻെറ (ബി) ഭാഗത്തെക്കുറിച്ചു് അതായതു് സാങ്കേതികവിദ്യാഭ്യാസസ്ഥാപനങ്ങളെ സംബന്ധിച്ചുള്ള ഉത്തരം കിട്ടിയില്ല.

ശ്രീ. സി. കേശവൻ: പബ്ളിക്കസർവ്വീസിനെ സംബന്ധിച്ചും സാങ്കേതികസ്ഥാപനങ്ങളെസംബന്ധിച്ചും വേണ്ട അന്വേഷണങ്ങൾ നടത്താനാണു് കമ്മിററിയെ നിയമിച്ചിരിക്കുന്നതു്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ഈ കമ്മിററി ഏതെല്ലാം കാര്യങ്ങളെക്കുറിച്ചന്വേഷണം നടത്തണമെന്നു വല്ല വ്യവസ്ഥയുമുണ്ടോ?

ശ്രീ. സി. കേശവൻ: വ്യവസ്ഥയുണ്ടു്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ആ വ്യവസ്ഥകൾ എന്തെല്ലാമാണെന്നു് പറയാമോ?

ശ്രീ. സി. കേശവൻ: ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

Sri. K. Ramachandran: Are we to understand that Government will never give any safeguard for the interests of minority communities in future?

Sri. C. Kesavan: I explained the whole matter on the first day in reply to a question. Minority communities can only be classified after examination of their position in public service and in the matter of college admission.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ഈ കമ്മിററി ഏതെല്ലാം കാര്യങ്ങൾ പര്യാലോചിക്കണമെന്നു് വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഇതേസംബന്ധിച്ചുള്ള വിശദവിവരങ്ങൾ ഞാൻ ഇതിനുമുൻപു പറഞ്ഞിട്ടുള്ളതാണ്. അതായത് ഈ ബാക്കവേഡ് കമ്യൂണിററീസിൽ സൗജന്യം ആവശ്യപ്പെടുന്ന സമുദായങ്ങളെ സംബന്ധിച്ചും ഷെഡ്യൂൾഡ് കാസ്റ്റ്സിനെ സംബന്ധിച്ചും ട്രൈബ്സിനെസംബന്ധിച്ചും മററും കോൺസ്റ്റിററ്യൂഷൻ ൧൬-ാം വകുപ്പ് നാലാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ അനുസരിച്ചു ചില സൗജന്യങ്ങൾ ചെയ്യുന്നതിന് സ്റേറ്ററ് ഗവമ്മെൻറുകൾക്ക് അധികാരമുള്ളതുകൊണ്ട് അപ്രകാരം ചെയ്യുന്നതിലേക്ക് ഒരു കമ്മിററിയെ ഈ ഗവമ്മെൻറ നിയമിച്ചിട്ടുണ്ട്.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ആ കമ്മിററി എന്നു റിപ്പോർട്ടു സമർപ്പിക്കണമെന്നു വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: കൊടുത്തിട്ടില്ല.

ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി: അവർ ഇതുവരെ എന്തു ജോലി ചെയ്തു എന്നു പറയാമോ?

ശ്രീ. സി. കേശവൻ: അവർ സ്ററാററിസ്റ്റിക്സ് നോക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി: അവർ എന്നു റിപ്പോർട്ടു സമർപ്പിക്കണമെന്നു നിർദ്ദേശം ഉണ്ടോ?

ശ്രീ. സി. കേശവൻ: ഇല്ല.

നേഴ്സിംഗ് പരിശീലനം

*൯൮. (൧൦) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യ മന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവനന്തപുരത്തെ ജനറലാശുപത്രിയിൽ ഈ കൊല്ലം നേഴ്സിംഗ് പരിശീലനം നടത്തുന്ന വിദ്യാർത്ഥിനികൾ എത്ര; കോഴ്സ് എത്ര കൊല്ലമാണ്;

(ബി) ഓരോരുത്തർക്കും എത്ര സംഖ്യ പ്രതിമാസം സ്റ്റൈപ്പെൻറായി കൊടുത്തുവരുന്നുണ്ട്;

(സി) എറണാകുളം ജനറലാശുപത്രിയിൽ എത്രപേരെ നേഴ്സിംഗ് കോഴ്സിനു തെരഞ്ഞെടുത്തിട്ടുണ്ട്; കോഴ്സ് എത്രകൊല്ലം നീണ്ടുനിൽക്കും; അവർക്കു പ്രതിമാസം വല്ല സ്റ്റൈപ്പെൻറും കൊടുക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്ത്; മുൻകാലങ്ങളിൽ അവർക്ക് സ്റ്റൈപ്പെൻറ് ലഭിച്ചിരുന്നോ?

മുഖ്യ മന്ത്രി (ശ്രീ. സി. കേശവൻ):

(എ) ആകെ ൪൮ വിദ്യാർത്ഥിനികൾ ഉണ്ട്. അവരിൽ ൨൮ പേരുടെ കോഴ്സ് മൂന്നാമത്തെ കൊല്ലവും ബാക്കി ആദ്യത്തെ കൊല്ലം പഠിക്കുന്നവരുമാണ്.

(ബി) അവർക്ക് ൩൫ രൂപാ സ്റ്റൈപ്പെൻറും ൩ രൂപാ ഡോബി അലവൻസും കൊടുക്കുന്നുണ്ട്.

(സി) ൧൬ പേരെ തെരഞ്ഞെടുത്തിട്ടുണ്ട്. അതിൽ ൧൦ പേർ മൂന്നാമത്തെ കൊല്ലത്തിൽ പഠിക്കുന്നവരും ബാക്കിയുള്ളവർ ആദ്യത്തെ കൊല്ലത്തിലും പഠിക്കുന്നവരുമാകുന്നു. അവരുടെ കോഴ്സ് ൪ കൊല്ലം ഉണ്ടായിരിക്കുന്നതാണ്. മൂന്നാമത്തെ കൊല്ലത്തിൽ പഠിക്കുന്നവർക്ക് ആകെ ൪൨ രൂപാ വീതം

കൊടുക്കുന്നുണ്ട്. ൨൦ രൂപാ സ്റ്റൈപ്പെൻറും ൨ രൂപാ ഡോബി അലവൻസും ൨൦ രൂപാ ഡീയർനസ്സ് അലവൻസും കൊടുക്കുന്നുണ്ട്. കൊച്ചിയിൽ സ്റ്റൈപ്പെൻറ് കൊടുത്തും കൊടുക്കാതെയും പഠിപ്പിക്കുന്ന ഏർപ്പാടുണ്ടായിരുന്നു. ആദ്യത്തെ കൊല്ലത്തിൽ പഠിക്കുന്നവർക്ക് സ്റ്റൈപ്പെൻറ് കൊടുക്കുന്നില്ല. കൊച്ചി വിഭാഗത്തിൽ ഈയാണ്ടിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പെൻറ് നൽകുന്നതല്ലെന്നുള്ള വ്യവസ്ഥയിലാണ് എറണാകുളത്ത് ക്ലാസ്സ് അനുവദിച്ചത്.

ശ്രീ. അലക്സാണ്ടർ വാകയിൽ: തിരുവനന്തപുരത്ത് ആദ്യത്തെ കൊല്ലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പെൻറ് കൊടുക്കുന്നതും എറണാകുളത്ത് ആദ്യത്തെ കൊല്ലത്തിൽ പഠിക്കുന്നവർക്ക് സ്റ്റൈപ്പെൻറ് കൊടുക്കാതിരിക്കുന്നതും അനീതിയല്ലേ?

ശ്രീ. സി. കേശവൻ: തിരുവനന്തപുരത്തുമാത്രമേ ക്ലാസ്സ് തുടങ്ങാൻ ഈയാണ്ടത്തെ ബഡ്ജററിൽ പ്രൊവിഷൻ ഉള്ളു. അതനുസരിച്ചു ഇവിടെ കൊടുത്തുവരുന്നു. എന്നാൽ കൊച്ചിയിൽനിന്നും സ്റ്റൈപ്പെൻറ് കൂടാതെ പഠിക്കാമെന്നുള്ള അപേക്ഷകൾ വന്നതനുസരിച്ചു അങ്ങനെയുള്ള പ്രത്യേക വ്യവസ്ഥയിൽ ക്ലാസ്സ് തുടങ്ങിയതുകൊണ്ടു ഇപ്പോൾ സ്റ്റൈപ്പെൻറ് കൊടുക്കുന്നില്ല.

ശ്രീ. എം. വർക്കി: എറണാകുളത്ത് എടുത്തിരിക്കുന്ന കുട്ടികൾക്ക് അവരുടെ ധനസ്ഥിതി അനുസരിച്ചു അതിനുള്ള കഴിവു ഇല്ലെന്നറിയാമോ?

ശ്രീ. സി. കേശവൻ: അവിടെനിന്നും വന്ന അപേക്ഷകൾ ക്രിസ്ത്യൻ സ്ഥാപനങ്ങളിൽനിന്നുമാണ് കൂടുതലായിട്ടുള്ളത്. അവരിൽ കുട്ടികളുടെ ചെലവു യാതൊന്നും ഗവമെൻറിൽനിന്നും വഹിക്കേണ്ടതില്ലെന്നു പറഞ്ഞിട്ടുണ്ടായിരുന്നു. അതനുസരിച്ചാണ് ഗവമെൻറ് ക്ലാസ്സ് അനുവദിച്ചത്.

ശ്രീ. സി. വി. ഇട്ടി: നഴ്സ് അല്ലാത്തവർക്കും പണം കൊടുത്തു പഠിക്കാൻ നിവൃത്തിയില്ലാത്തവർക്കും പഠിക്കുന്നതിലേക്കുവേണ്ടി തിരുവനന്തപുരത്തു സ്റ്റൈപ്പെൻറോടുകൂടി പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് പകുതിപേർക്ക് അവിടെ സ്റ്റൈപ്പെൻറ് കൊടുക്കുകയും പകുതിപേർക്ക് എറണാകുളത്തു പഠിക്കുന്നവർക്കും കൊടുത്തു തിരുവിതാംകൂർ—കൊച്ചി എന്നുള്ള ഒരു വിഭാഗീയമനസ്ഥിതി ഇല്ലാതാക്കരുതേ?

Mr. Speaker: It is a suggestion for action, and is disallowed.

ശ്രീ. എ. പി. ഉദയഭാനു: തിരുവനന്തപുരത്തു നടത്തുന്ന നേഴ്സസ്സ് സ്കൂളിലും കൊച്ചിവിഭാഗത്തുള്ള വിദ്യാർത്ഥിനികൾ പഠിക്കുന്നില്ലേ?

ശ്രീ. സി. കേശവൻ: ഈ സെലക്ഷൻ നടത്തിയതു് അഡ്വർടൈസ് ചെയ്തതിനുശേഷമാണ്. അതുകൊണ്ടു് ഉണ്ടായിരിക്കാം. അതു തിരുവിതാംകൂറിലേക്കു മാത്രമല്ല തിരുവിതാംകൂർ—കൊച്ചി സംസ്ഥാനത്തെ ആവശ്യത്തിലേക്കാണ്.

എലക്ട്രിക്ക് ലൈൻ

*൩൩. (൨൩) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) വടക്കൻ പറവൂർ പട്ടണത്തിൻെറ തെക്കുഭാഗത്തുനിന്നു കോട്ടുവള്ളിവഴി വരാപ്പുഴയ്ക്കു് എലക്ട്രിക്ക് ലൈൻ നീട്ടുന്നതിന് എത്ര സംഖ്യയാണ് കൊള്ളിച്ചിരിക്കുന്നതു്;

(ബി) ഇതിൽ എത്ര സംഖ്യ ചെലവാക്കി;
(സി) പണി എത്രകണ്ട് പുരോഗമിച്ചു ?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള) :

(എ) ൧,൦൦൦ രൂപാ.
(ബി) ഒന്നും ചെലവാക്കിയിട്ടില്ല.
(സി) ലൈൻ സർവ്വെ പൂർത്തിയായി, ജോലി തുടർന്നു തുടങ്ങുന്നതാണ്. (ഈ സാമ്പത്തികവർഷത്തിൽതന്നെ ജോലി പൂർത്തിയാക്കപ്പെടും.)

കടലാക്രമണം

*൭൦൦. (൨൪) ശ്രീ. ജോസഫ് മാത്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ചേർത്തല താലൂക്കിൽ പള്ളിത്തോട്ട പ്രദേശത്തു കടലാക്രമണമുണ്ടായതായി ഗവമെൻറിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവിടെ ഗ്രോയിൻ കെട്ടുന്നതിന് എന്തെങ്കിലും നടപടി ഇതിനകം എടുത്തിട്ടുണ്ടോ;

(സി) ഇക്കൊല്ലംതന്നെ ഗ്രോയിൻ കെട്ടാത്തപക്ഷം ആ പ്രദേശം കടലാക്രമണംമൂലം അടുത്ത ഏതാനും കൊല്ലങ്ങൾകൊണ്ട് പാടെ നശിച്ചുപോകുമെന്നു ഗവമെൻറിനെ അറിയിച്ചിട്ടുണ്ടോ ?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള) :

(എ) ഉണ്ട്.
(ബി) അതിനെ സംബന്ധിച്ചു നടപടികൾ എടുത്തുവരുന്നുണ്ട്.
(സി) അറിയിച്ചിട്ടുണ്ട്.

ശ്രീ. പൌലോസ് പൈലി: വടക്കൻ താലൂക്കിലല്ലാതെ രാജ്യത്തിന്റെ മററു പല ഭാഗങ്ങളിലും കടലാക്രമണം ഉണ്ടായതിന് ഗവമെൻറ് എന്തെങ്കിലും പ്രതിവിധി ചെയ്യുകയുണ്ടായോ ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അപ്രകാരം ചെയ്യുന്നതിനു എന്തെങ്കിലും സ്കീം ഉണ്ടോ എന്ന് ഇപ്പോൾ പറയുവാൻ സാദ്ധ്യമല്ല.

മത്സ്യത്തൊഴിലാളികൾക്ക് നൂൽവിതരണം

*൭൦൧. (൨൫) ശ്രീ. ജോസഫ് മാത്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തീരപ്രദേശത്തുള്ള മത്സ്യത്തൊഴിലാളികൾക്ക് ആവശ്യത്തിനുവേണ്ടിടത്തോളം നൂൽ ഇന്നു ലഭിക്കുന്നില്ലെന്നുള്ള വിവരം ഗവമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

ധനകാര്യവും ഭക്ഷ്യവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര):

(എ) ഉണ്ട്.
(ബി) മത്സ്യവ്യവസായികൾക്ക് ആവശ്യത്തിന് നൂൽ കൂടുതൽ തരുന്നതിന് ബാംബെ ടെക്സ്റ്റയിൽ കമ്മീഷണർക്ക് നിവേദനങ്ങൾ നടത്തിയിട്ടുണ്ട്. അവയ്ക്കു മറുപടി പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ജോസഫ് മാത്തൻ: മത്സ്യവ്യവസായികൾക്ക നൂൽ വിതരണം നടത്തുന്നതു് ഫിഷറി ഡിപ്പാർട്ടുമെണ്ടുവഴിയാണോ ?

ശ്രീ. കെ. എം. കോര: അല്ല.

ശ്രീ. ജോസഫ് മാത്തൻ: പിന്നെ ഏതു ഡിപ്പാർട്ടുമെണ്ടുവഴിയാണ് വിതരണം നടത്തുന്നതു്?

ശ്രീ. കെ. എം. കോര: ടെക്സ്റ്റയിൽ ഡിപ്പാർട്ടുമെണ്ട് വഴിയാണ്.

ശ്രീ. ജോസഫ് മാത്തൻ: ടെക്സ്റ്റയിൽ ഡിപ്പാർട്ടുമെണ്ടുവഴി നൂൽവിതരണം തുടങ്ങിയിട്ട് ഇതുവരെ മത്സ്യവ്യവസായികൾക്ക നൂൽ കിട്ടിയിട്ടില്ലെന്നറിയാമോ?

ശ്രീ. കെ. എം. കോര: അങ്ങിനെ ഇതുവരെ അനുഭവപ്പെട്ടിട്ടില്ല. അങ്ങിനെ വല്ലതും ഉണ്ടെങ്കിൽ ഗവമ്മെൻറിൻെറ ശ്രദ്ധയിൽപെടുത്തിയാൽ പരിഹാരമുണ്ടാക്കാം.

ശ്രീ. ഇൗപ്പൻ അറക്കൽ: തീരപ്രദേശങ്ങളിലെ മത്സ്യവ്യവസായികൾക്ക നൂൽ കൊടുക്കുന്നതിന് ഫിഷറി സൂപ്രണ്ടിനെ അധികാരപ്പെടുത്തിയിരുന്നുവെന്നറിയാമോ?

ശ്രീ. കെ. എം. കോര: ഇപ്പോൾ അധികാരം കൊടുത്തിട്ടില്ല.

ശ്രീ. ഇൗപ്പൻ അറക്കൽ: മുമ്പ് അധികാരം കൊടുത്തിരുന്നില്ലേ?

ശ്രീ. കെ. എം. കോര: മുമ്പു കൊടുത്തിരുന്നു.

ശ്രീ. ഇൗപ്പൻ അറക്കൽ: ഇപ്പോൾ എങ്ങിനെയാണ്?

ശ്രീ. കെ. എം. കോര: ഇപ്പോൾ അങ്ങിനെയല്ല.

ശ്രീ. ഇൗപ്പൻ അറക്കൽ: ഫിഷറി സൂപ്രണ്ടിനു നൂൽ വിതരണം ചെയ്യുന്നതിനു കൊടുത്തിരുന്ന അധികാരം മാററുന്നതിനു വല്ല പ്രത്യേക കാരണങ്ങളുമുണ്ടോ?

ശ്രീ. കെ. എം. കോര: ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന മാർഗം കൂടുതൽ നല്ലതാണെന്നു തോന്നിയതുകൊണ്ടാണ് ഇങ്ങിനെ ചെയ്തിട്ടുള്ളതു്.

ശ്രീ. ഇൗപ്പൻ അറക്കൽ: ഫിഷറി സൂപ്രണ്ടിനു് മൽസ്യ വ്യവസായികളുടെ ആവശ്യങ്ങളെ സംബന്ധിച്ച് കൂടുതൽ അറിയുവാൻ എളുപ്പമുള്ളതുകൊണ്ട് മൽസ്യവ്യവസായികൾക്കുള്ള നൂൽ വിതരണം ഫിഷറി ഡിപ്പാർട്ടുമെണ്ടു വഴി തന്നെ നടത്തുന്നതല്ലേ നല്ലതു്?

Mr. Speaker: The question is disallowed.

നൂൽ വിലനിരക്ക്

*൨൦൨ (൨൩) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രി അടിയിൽ കുറിക്കുന്ന ചോദ്യങ്ങൾക്ക് സദയം മറുപടി നൽകുമോ.—

(എ) നൂൽ നിയന്ത്രണഉത്തരവിനു വിപരീതമായി മൊത്തവ്യാപാരികൾക്ക് കൂടുതൽ ലാഭവും ചില്ലറവ്യാപാരികൾക്ക് നഷ്ടവും ഉണ്ടാകത്തക്കവണ്ണം അധികൃതർ വില ക്ലിപ്തപ്പെടുത്തിയിട്ടുണ്ടോ?

(ബി) എക്സ്മിൽവിലയും ചില്ലറ വിലയും തമ്മിലുള്ള വ്യത്യാസത്തിൽ എത്ര ശതമാനം വീതമാണ് മൊത്തവ്യാപാരിക്കും ചില്ലറവ്യാപാരിക്കും നിശ്ചയിച്ചിരിക്കുന്നതു്?

ധനകാര്യവും ഭക്ഷ്യവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര):

(എ) ഇല്ല.

(ബി) എക്സ്മിൽ വിലയും ചില്ലറവിലയും തമ്മിലുള്ള വ്യത്യാസം എക്സ്മിൽ വിലയുടെ പന്ത്രണ്ടരശതമാനം ആണു്. അതിൽ ൬ ശതമാനം മൊത്ത വ്യാപാരിക്കും ആറരശതമാനം ചില്ലറ വ്യാപാരിക്കുമാണു് അനുവദിച്ചിരിക്കുന്നതു്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: മഹാലക്ഷ്മി മിൽ എന്ന മൊത്തവ്യാപാരിക്കു ൧൦ ശതമാനം മാർജിൻ അനുവദിച്ചിട്ടുണ്ടായിരുന്നുവോ?

ശ്രീ. കെ. എം. കോര: ആ മില്ല് കൂടുതൽ ൨൦-ാം നമ്പർ നൂൽ ഉണ്ടാക്കിയിട്ടുണ്ടു്. അതുകൊണ്ടാണു് ൧൦ ശതമാനം മാർജിൻ കൊടുത്തിട്ടുള്ളതു്.

